**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1344 — 30.09.2011-ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി . പി. മുഹമ്മദ് :<br>" വി. ഡി. സതീശൻ :<br>" വർക്കല കഹാർ :<br>" റ്റി . എൻ. പ്രതാപൻ: | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും" വകുപ്പുമന്ത്രി) |
| (എ) പച്ചക്കറി ഉലപാദന്ത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ ; | (എ) പച്ചക്കറി ഉല്പാദത്തിൽ സ്വയംപര്യാപ്ത കൈവരിക്കുകയന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതികളാണ് സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നടത്തുന്ന വനിതാ ഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി വികസന പദ്ധതിയും ഈ പദ്ധതികൾ മുഖേന വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും, ഇടവിള കൃഷി ചെയ്യുന്നതിനും, സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളിലും പച്ചക്കറി തോട്ടങ്ങളുണ്ടാക്കുന്നതിനും വിപണന യൂണിറ്റുകൾ ആരംഭി ക്കുന്നതിനും ഉൽസവ കാല ചന്തകൾ സംഘടിപ്പിക്കുന്നതിനും ആനുകൂല്യം നൽകി വരുന്നു. കുട്ടികളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു നൂറുദിന കർമ്മ പരിപാടിയിലുൾ |

പ്പെടുത്തി 25 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ വിതരണം ചെയ്തു വരുന്നു.

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ വിത്തുമുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിലാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഇപ്പോൾ 7510 സ്വാശ്രയസംഘങ്ങളിലായി 145528 കർഷകർ VFPCK യിൽ അംഗങ്ങളാണ്. കർഷകർക്ക് ഗുണ മേന്മയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനായി ഒരു വിത്ത് സംസ്ക്കരണശാലയും പച്ചക്കറിതൈക കളുടെ ഉല്പാദനത്തിനായി ഒരു ഹൈടെക് നഴ്സറിയും ആലത്തൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി പ്രസിഷൻ ഫാമിങ് എന്ന നൂതന കൃഷിരീതി കർഷകരിലേയ്ക്ക് എത്തിയ്ക്ക ുന്നതിനായി മാതൃകാ തോട്ടങ്ങൾ കേരളത്തിലുടനീളം നടപ്പിലാക്ക വരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 262 സ്വാശ്രയ കർഷക വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ പദ്ധതികളിലൂടെ പഴം പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുകയും ചെയ്ത് വരുന്നു. 11 വാണിജ്യബാങ്കുകളിലൂടെ കർഷകർക്ക് കൃഷിക്കായി വായ്പ നല്കുകയും കൃഷിക്കും കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ നല്കുകയും ചെയ്യാറുണ്ട്.

**നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രചരിപ്പിക്കുന്നതിനായി ഹരിതനഗരി എന്ന പദ്ധതിയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. VFPCK, കർഷകരുടെ ഉന്നമനത്തിനായി ഗവൺമെന്റ് ഗ്രാന്റ് കൂടാതെ RKVY, SHM, RSVY, NAIP, DMI, NABARD, വിവിധ ജില്ലാ പഞ്ചായത്തുകൾ എന്നീ ഏജൻസികളിൽ നിന്നുള്ള ധനസഹായവും വിനിയോഗിച്ചു വരുന്നു.**

കർഷക കൂട്ടായ്മ രൂപീകരണം, അരലക്ഷം രൂപ ധനസഹായത്തോടു കൂടി രണ്ട് യൂണിറ്റ് സ്വകാര്യ മേഖലയിലും ഒന്നര ലക്ഷം രൂപ ധനസഹായത്തോടു കൂടി മൂന്ന് യൂണിറ്റ് പൊതുമേഖലയിലും ഗുണമേന്മയുള്ള പച്ചക്കറി വിത്തുത്പാദനം, 9ലക്ഷം രൂപ ധനസഹായത്തോടുകൂടി 6 ലക്ഷം നടീൽ വസ്തുക്കളുടെ ഉത്പാദനം, 9 ലക്ഷം രൂപ ധനസഹായത്തോടുകൂടി 30 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ഒന്നര ലക്ഷം രൂപ ധനസഹായത്തോടു കൂടി 30 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം, 375 ലക്ഷം രൂപ ധനസഹായത്തോടുകൂടി 15000 കുടുംബങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറിത്തോട്ടം, 4.5 ലക്ഷം രൂപ ധനസഹായത്തോടു കൂടി 2000 വീടുകളിൽ അടുക്കളത്തോട്ടം, 90 ലക്ഷം രൂപ ധനസഹായത്തോടെ 400

ഹെക്ടർ തുറസ്സായ സ്ഥലങ്ങളിലെ പച്ചക്കറി കൃഷി, 20 ഹെക്ടർ സ്ഥലത്ത് 4.5ലക്ഷം ധനസഹായത്തോടെ സംങ്കരയിനം പച്ചക്കറി കൃഷി, 55.195 ലക്ഷം രൂപ ധനസഹായത്തോടുകൂടി സംരക്ഷിത കൃഷി, 6 ലക്ഷം രൂപ ധനസഹായത്തോടു കൂടി 600 ഹെക്ടർ സ്ഥലത്ത് സംയോജിത കീട-രോഗ നിയന്ത്രണം, 2.1825 ലക്ഷം രൂപ ധനസഹായത്തോടു കൂടി കൂൺകൃഷി, 38.90 ലക്ഷം രൂപ ധനസഹായത്തോടു കൂടി മാതൃകാ പ്രദർശനത്തോട്ടങ്ങൾ, 6 ലക്ഷം രൂപ ധനസഹായത്തോടു കൂടി ഒരു മൊബൈൽ അഗ്രോക്ലിനിക്ക്, 5 ലക്ഷം രൂപ ധനസഹായത്തോടു കൂടി 5 സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികളാണ് തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(ബി) കർഷകരെ ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരെ ഒഴിവാക്കി പച്ചക്കറി വില്പന നേരിട്ടു നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൃഷി വകുപ്പിൻ കീഴിൽ വിവിധ ജില്ലകളിലായി ആറു കാർഷിക മൊത്തവ്യാപാര

വിപണികൾ
പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത
വിപണികളിൽ കർഷകർക്ക്
അവരുടെ ഉല്പന്നങ്ങൾ നേരിട്ട്
കൊണ്ടു വന്ന് ലേലേ
ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ
ഒരുക്കിയിട്ടുണ്ട്. ഇതുമൂലം കർഷ
കരെ ചൂഷണം ചെയ്യുന്ന
ഇടത്തട്ടുകാരെ പൂർണ്ണമായും ഒഴി
വാക്കുന്നതിന് സാധിക്കുന്നു. ഓരോ
വിപണിയുടെയും പരിസരത്തുള്ള
കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ച
യിൽ ഒരു നിശ്ചിത ദിവസം
അവരുടെ ഉല്പന്നങ്ങൾ വിപണി
യിൽ വച്ച് ലേലം ചെയ്യുന്നു.
തിരുവനന്തപുരം ജില്ലയിലെ മൊത്ത
വ്യാപാര വിപണികളിൽ നെടുമ
ങ്ങാട് എല്ലാ തിങ്കൾ, വെള്ളി
ദിവസങ്ങളിലും ലേലം നടത്തി
വരുന്നു. എറണാകുളം ജില്ലയിലെ
മരട് മൊത്ത വ്യാപാര വിപണിയിൽ
എല്ലാ ബുധാനാഴ്ചയിലും
മൂവാറ്റുപുഴ മാർക്കറ്റിൽ എല്ലാ
ചൊവ്വാഴ്ചയിലും ലേലം നടത്തി
വരുന്നു. കോഴിക്കോട് ജില്ലയിലെ
വേങ്ങേരിയിൽ എല്ലാ ചൊവ്വാഴ്ച
കളിലും വയനാട് ജില്ലയിലെ
സുൽത്താൻബത്തേരി മാർക്കറ്റിൽ
എല്ലാ ബുധനാഴ്ചകളിലും ലേലം
നടത്തി വരുന്നു. പ്രസ്തുത

ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്തി വാങ്ങാതിരിക്കുവാൻ വേണ്ടി ഹോർട്ടികോർപ്പ് എല്ലാ ലേലങ്ങളിലും പങ്കെടുക്കുന്നു. ഇത്തരത്തിൽ പച്ചക്കറികൾ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള കേന്ദ്രങ്ങൾ മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പുവരും വർഷങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനായി വി.എഫ്.പി.സി.കെ അവരുടെ സ്വാശ്രയ കർഷക സംഘങ്ങൾ വഴി കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ന്യായമായ വിലയ്ക്ക് വിതരണം നടത്തി വരുന്നു. നിലവിലുള്ള പച്ചക്കറി കൃഷി വികസന പദ്ധതിവഴി ഉത്പ്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് 5000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നത് ഇപ്രകാരം ധനസഹായം നൽകുന്നതിനാ.യി 500 യൂണിറ്റുകൾ ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തി.യിട്ടുണ്ട്. ഇതിനു പുറമെ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ജില്ലകളിലെ മൊത്ത വ്യാപാര

വിപണ കേന്ദ്രങ്ങളിലും ഈ സൗകര്യം നിലവിലുണ്ട്.

| | | |
|---|---|---|
| (സി) | സ്വാശ്രയ കർഷക സംഘങ്ങൾവഴി കൃഷിക്കാരിൽ നിന്നും പച്ചക്കറി സംഭരിക്കാനും, അവ വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ? | (സി) കൃഷി വകുപ്പിന്റെ അനുബന്ധ ഏജൻസിയായ വി എഫ് സി കെ സ്വാശ്രയ കർഷക സംഘങ്ങൾ വഴിയാണ് നിലവിൽ പച്ചക്കറി സംഭരണം നടത്തുന്നത് ഹോർട്ടി കോർപ്പും ഇവരിൽ നിന്നും പച്ചക്കറി സംഭരിച്ച് വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ